അടുത്ത മാസം ആകുമ്പോഴേക്കും കൺഫർമാക്കാൻ സാധിക്കും. അവർ പറയുന്ന കമ്മീഷന്റെ കാര്യത്തിലാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെയോ മറ്റ് ഏത് ഗവൺമെന്റിന്റെയോ കാലത്ത് കൊടുത്തതിനേക്കാൾ കമ്മീഷൻ ഈ ഗവൺമെന്റ് കൊടുത്തു. ഈ ഗവൺമെന്റിന്റെ കാലത്ത് 3 രൂപ അവർക്ക് വർദ്ധിപ്പിച്ചു. അതിൽ ഒരു രൂപയുടെ ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനാണ്. ആദ്യമായിട്ട് കൺസ്യൂമർക്ക് പാസ്സോൺ ചെയ്യാതെ ഗവൺമെന്റ് തന്നെ ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം നഷ്ടം സഹിച്ചാണ് അവർക്ക് കൊടുത്തിരിക്കുന്നത്. അതുപോലെതന്നെ റേഷൻ വ്യാപാരികൾക്ക് ബെനിഫിറ്റ് സ്കീം ഇപ്പോൾ ആവിഷ്ക്കരിക്കും എന്നുള്ളത് നിയമസഭയിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്. ഒരു കാര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. കയറ്റിറക്കുകൂലി അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഐ. എൻ. ടി. യു. സി. ഉൾപ്പടെ വിവിധ യൂണിയനുകളാണ് അതാത് പ്രദേശത്ത് നിയന്ത്രിക്കുന്നത്. അത് ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് കഴിയുന്നിടത്തോളം രമ്യമായി തീർക്കാൻ ശ്രമിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വിചാരിച്ചാൽ ചുമട്ടുതൊഴിലാളികളുടെ കൂലി കൂട്ടാനോ കുറയ്ക്കാനോ സാധിക്കുകയില്ല എങ്കിലും പലപ്പോഴും കളക്ടർമാർ അത് രമ്യമായി തീർക്കാൻ ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെ 45 (2) എന്നു പറയുന്നതനുസരിച്ചുള്ള മാറ്റം വരുത്തി കഴിഞ്ഞു. അവർ ഉന്നയിച്ച ആവശ്യങ്ങളിൽ 90 ശതമാനവും അനുവദിച്ചു, അതിന് ഓരോ ഉത്തരവുകൾ ഇറക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സമരം ചെയ്യുന്നുണ്ടെങ്കിൽപോലും അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വമായിട്ടാണ് ഗവൺമെന്റ് പരിഗണിക്കുന്നത്.

(31) ശിശുക്കളെ വിദേശത്തേയ്ക്ക് ദത്തു നൽകുന്നതു സംബന്ധിച്ച് (2-4-1991-ലെ ശ്രീമതി ലീലാദാമോദരമേനോന്റെ സബ്മിഷനുള്ള മറുപടി)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, സംസ്ഥാനാന്തര ദത്തെടുക്കൽ ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ള അഞ്ച് ഏജൻസികളിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ എന്ന ഏജൻസിയും ഉൾപ്പെടും. ശിശുക്ഷേമ സമിതിയിൽ വരുന്ന അനാഥ ശിശുക്കളിൽ കൂടുതൽപേരെയും കേരളത്തിലെ കുട്ടികളെ ഇല്ലാത്ത മാതാപിതാക്കൾക്കാണ് ദത്തു നൽകുന്നത്. സ്വീഡനിലേക്ക് മാത്രമാണ് വിദേശത്തേയ്ക്ക് കുട്ടികളെ അയയ്ക്കാൻ ശിശുക്ഷേമസമിതിക്ക് അംഗീകാരം കൊടുത്തിട്ടുള്ളത്. ഡിസ്ട്രിക്ട് കോടതിയുടെ ഉത്തരവും നിയമാനുസൃതമുള്ള നടപടികളും നടത്തിയാണ് ദത്തെടുക്കുന്ന കുട്ടികളെ മാതാപിതാക്കളോടൊപ്പം വിദേശത്ത് അയയ്ക്കുന്നത്. അമേരിക്കയിലേക്ക് ശിശുക്ഷേമസമിതി കുട്ടികളെ അയച്ചിട്ടില്ല. എന്നാൽ ശിശുക്ഷേമ സമിതിയുടെ അറിവ് കൂടാതെ അമേരിക്കയിലേക്ക് അയയ്ക്കുന്നതിന് രണ്ടു കുട്ടികളുടെ അപേക്ഷ പൂരിപ്പിച്ചിട്ടുള്ളതായി അറിവ് കിട്ടിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷിച്ചുവരുന്നു. ഇതിന് ശിശുക്ഷേമ സമിതി പ്രവർത്തിക്കുന്നതായ ജില്ലയിൽപ്പെടുന്ന ജില്ലാ കോടതിയിലാണ് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പെറ്റീഷൻ കൊടുക്കേണ്ടതു്. അങ്ങനെ അവിടെ പെറ്റീഷൻ കൊടുത്തിട്ടില്ല. മനോരമ റിപ്പോർട്ടാണു് ഇതുസംബന്ധിച്ചു് വന്നിട്ടുള്ളതു്. കോട്ടയത്തു് ഇതേപോലുള്ള പെറ്റീഷൻ ആരെങ്കിലും കൊടുത്തിട്ടുണ്ടോ എന്നതിനെപ്പറ്റി പരിശോധിക്കാം. പോലീസിൽ ഇതേപ്പറ്റി ഒരു പരാതിയും ചെന്നിട്ടില്ല. അവർ അന്വേഷിച്ചിട്ടു് ഇതുവരെ ഒരു വിവരവും കിട്ടിയിട്ടില്ല.

IV. നിയമനിർമ്മാണകാര്യം

(1) സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത പ്രകാരമുള്ള 1991-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കു് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, സ്റ്റാമ്പ് ആക്ടിന്റെ ബിൽ സബ്ജക്ടു് കമ്മിറ്റിക്കു് വിടുന്നതിനുമുമ്പു് ഇതിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തിരുന്നു. സബ്ജക്ടു് കമ്മിറ്റി റിപ്പോർട്ടു് ചെയ്തു വന്നിരിക്കുന്നതിനകത്തു് പ്രത്യേക ഭേദഗതി ഒന്നുമില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബിൽ ആവശ്യമാണു്. ജനങ്ങളെ ബാധിക്കുന്ന ഒരു നിയമമാണിതു്. ഭൂമിയുടെ വില നിശ്ചയിച്ചുകൊണ്ടു നിയമം വരാൻ പോകുന്നു എന്നു് ഗവൺമെന്റു് പറഞ്ഞ അവസരത്തിൽ അന്നു് ഞങ്ങൾ അതിനോടു് വിയോജിപ്പു് പ്രകടിപ്പിച്ചു. അങ്ങനെ ചെയ്യുന്നതു് ശാസ്ത്രീയമായിരിക്കില്ല എന്നു് വാദിച്ചു. നമ്മുടെ സംസ്ഥാനത്തിനു് കൂടുതൽ വരുമാനം ഉണ്ടാക്കാൻ ഇതു് ഏറ്റവും അനുയോജ്യമായ സംഗതിയാണെന്നാണു് മന്ത്രി അന്നു് പറഞ്ഞതു്. ആ നിലയിൽ തന്നെ അതു് നടപ്പിലാക്കുകയും ചെയ്തു. അതിനുശേഷം ഓർഡിനൻസു് കൊണ്ടുവന്നു ആ നിയമം റദ്ദാക്കിക്കൊണ്ടു് പൂർവ്വ സ്ഥിതിയിലേക്കു് നമ്മെ തിരിച്ചു പോയിരിക്കുകയാണു്. ഓർഡിനൻസു് ഒന്നും റീപ്ലേസു് ചെയ്യുന്നില്ല എന്നുള്ള ഒരു സമീപനം സ്വീകരിച്ചിരുന്നു. ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ ഈ ഓർഡിനൻസു് റീപ്ലേസു് ചെയ്യണ്ട എന്ന നിലയിൽ ഗവൺമെന്റു്, വന്നതു് ശരിയായില്ല. അതിനുശേഷമാണു് സബ്ജക്ടു് കമ്മിറ്റിയിൽ ഈ നിഷയം വന്നതും ഞങ്ങളോടു് സഹകരിക്കാൻ പറഞ്ഞതും. ഞങ്ങൾ പൂർണ്ണമായിട്ടു് സഹകരിക്കുകയാണു്. അതുകൊണ്ടുതന്നെയാണു് വനിതാ കമ്മീഷൻ ബില്ലിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന ഈ തീയതിയിൽ തന്നെ ഇതിനു് സമയം നിശ്ചയിച്ചു് ഈ ബിൽ ചർച്ചയ്ക്കെടുക്കാൻ ഞങ്ങളുടെ സഹകരണം കൂടി വാഗ്ദാനം ചെയ്തതു്. ഗവൺമെന്ററിന്റെ നിലപാടു് ഞങ്ങൾക്കു് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly